പി.പി അബ്ദുർറഹ്മാൻ പെരിങ്ങാടി

# ഹിജ്റയുടെ പൊരുൾ

**ഹിജ്റാബ്ദം** 1429 പിറന്നു. വിവിധ കലണ്ടറുകളിൽ ഏറെ പ്രത്യേകതകളുള്ളതാണ് ഹിജ്റ കലണ്ടർ. 130 കോടിയിലേറെ മുസ്‌ലിംകൾ അനുഷ്ഠാനങ്ങൾക്കും ആഘോഷങ്ങൾക്കും മറ്റും അവലംബിക്കുന്ന കാലഗണന ക്രമമാണത്. ഇസ്‌ലാമിക ചരിത്രവും അറബ് ചരിത്രവുമെല്ലാം രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത് ഈ കലണ്ടറിനെ ആധാരമാക്കിയാണ്.

ലോകത്ത് പല കലണ്ടറുകളുമുണ്ടെങ്കിലും അവക്കിടയിലെ സമാനതകൾ മാനവതയുടെ ഏകതയാണ് വിളിച്ചോതുന്നത്. 'ആദിയിൽ ജനങ്ങളെല്ലാം ഒരൊറ്റ സമുദായം (ഉമ്മത്ത്) ആയിരുന്നു'വെന്ന് ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. പിന്നീട് പലവിധ വ്യതിയാനങ്ങൾ മൂലം സമൂഹം ഭിന്നിച്ചു. വ്യക്തിപൂജ, വീരാരാധന, വിഗ്രഹപൂജ തുടങ്ങിയ മാരകരോഗങ്ങൾ സമൂഹത്തെ ഗ്രസിക്കുകയും ഒന്നായിരുന്ന സമൂഹം പലതായി പിരിയുകയുമാണുണ്ടായത്. ജീർണതകൾക്കെതിരെ ജാഗ്രതയില്ലാത്തപ്പോഴെല്ലാം മനുഷ്യർ ഭിന്നിച്ചിട്ടുണ്ട്. അത് പാടില്ലാത്തതായിരുന്നു. കാരണം ഏക സ്രഷ്ടാവിന്റെ സൃഷ്ടികളും ഒരേ മാതാപിതാക്കളുടെ സന്തതികളുമായ എല്ലാ മനുഷ്യരും ആശ്രയിക്കുന്നത് പ്രപഞ്ചനാഥൻ കനിഞ്ഞരുളിയ ഒരേ വായുവും വെള്ളവും വെളിച്ചവും തന്നെയാണ്. എന്നിട്ടും മനുഷ്യർ ഭിന്നിച്ച് പലതായി പിരിഞ്ഞു. ഇങ്ങനെയൊക്കെയാണെങ്കിലും എല്ലാ വിഭാഗങ്ങളെയും ഒന്നിപ്പിക്കാൻ ഏകദൈവവിശ്വാസത്തിനു സാധിക്കുമെന്ന് ചിന്താശീലർക്ക് ഗ്രഹിക്കാവുന്നതേയുള്ളൂ. കാലക്കറക്കത്തിൽ മനുഷ്യർ ഭിന്നിച്ചെങ്കിലും പൊതുവായ ചില ഘടകങ്ങൾ ഇപ്പോഴും അവരെ ഒരളവോളം ഒന്നിപ്പിക്കുന്നുണ്ട്. ഏതു നാഗരികതയിലും ഏതു കലണ്ടറിലും വർഷം പന്ത്രണ്ട് മാസമേ ഉള്ളൂ; ആഴ്ചയിൽ ഏഴു ദിവസങ്ങളേയുള്ളൂ; വേറെയും സമാനതകൾ കാണാവുന്നതാണ്. ഈ ഏകീഭാവവും മറ്റും സൃഷ്ടികർത്താവ് ഏകനാണെന്നതിന്റെ തെളിവു കൂടിയാണ്. വിശുദ്ധ ഖുർആൻ പറയുന്നു: "വാനഭൂമികളുടെ സൃഷ്ടിദിനം മുതൽ അല്ലാഹുവിങ്കൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു; അവയിൽ നാലെണ്ണം പവിത്ര മാസങ്ങളാണ്. അതാണ് ചൊവ്വായ ദീൻ. ആകയാൽ ആ ചതുർമാസങ്ങളിൽ നിങ്ങൾ നിങ്ങളോടുതന്നെ അതിക്രമം കാണിക്കാതിരിക്കുക..." (9:36). ചന്ദ്രപ്പിറവിയെ ആസ്പദമാക്കിയാണ് ഹിജ്റ കലണ്ടർ. സന്ധ്യയോടെ ദിവസമാരംഭിക്കുന്ന ഈ കലണ്ടറിൽ വർഷത്തിൽ 354 ദിനങ്ങളാണ്. (ജൂതന്മാരുടെ കലണ്ടറിലും ദിനാരംഭം സന്ധ്യയോടെയാണ്). ഹിജ്റ കലണ്ടറിലെ മാസങ്ങളുടെയും ദിനങ്ങളുടെയും നാമവും ക്രമവും പണ്ടുമുതലേ ഉള്ളതാണ്.

പ്രാരംഭ മാസമായ മുഹർറമും ഏഴാം മാസമായ റജബും ഹജ്ജിന്റെ മാസങ്ങൾ കൂടിയ പതിനൊന്നാമത്തെയും പന്ത്രണ്ടാമത്തെയും മാസങ്ങളും (ദുൽഖഅദ്, ദുൽഹിജ്ജ) യുദ്ധനിരോധിത ചതുർമാസങ്ങളാണ്. അടിയന്തര പ്രതിരോധം അത്യാവശ്യമെങ്കിൽ അനിവാര്യ തിന്മ എന്ന നിലയിൽ ഒരനുവാദമുണ്ടെന്ന് മാത്രം. 'ഇസ്‌ലാം' (ശാന്തി) എന്ന മഹദ്നാമത്തെ അന്വർഥമാക്കുന്ന ഒരു ചട്ടമാണിത്. ഒമ്പതാമത്തെ മാസമായ റമദാൻ വ്രതാനുഷ്ഠാനമുൾപ്പെടെയുള്ള സൽക്കർമങ്ങളിൽ കൂടുതൽ നിരതമാവേണ്ട സന്ദർഭവുമാണ്.

മാനവതയുടെ ആദിമതവും പ്രകൃതിമതവുമായ ഇസ്‌ലാം കേവലം ഒരാശയമല്ല, ഒരു സമഗ്ര സമ്പൂർണ ജീവിതപദ്ധതി കൂടിയാണ്. ഏതാണ്ട് ഇരുപത്തിമൂന്നു വർഷം കൊണ്ട് അന്ത്യപ്രവാചകനായ മുഹമ്മദ് നബി(സ) ഒരു സുശിക്ഷിത സമൂഹത്തെ വാർത്തെടുക്കുകയും സവിശേഷമായ നാഗരികതക്കും ഭരണക്രമത്തിനും അടിത്തറയിടുകയും ചെയ്തു. നബിയുടെ വിയോഗാനന്തരം ഒരു ദശകത്തിനകം ഇസ്‌ലാമിക രാഷ്ട്രം വളരെ വിശാലമായി. ഭൂഖണ്ഡങ്ങൾ കടന്ന് ഇസ്‌ലാം പ്രയാണവും തുടങ്ങി.

മഹാനായ ഉമറി(റ)ന്റെ ഭരണകാലത്ത് തലസ്ഥാനത്തേക്ക് വരുന്ന കത്തുകളിൽ പല തീയതികൾ രേഖപ്പെടുത്തി

**ഹിജ്റയെ കാലഗണനത്തിന്റെ തുടക്കമായി ഉമർ(റ) നിശ്ചയിച്ചപ്പോൾ ഉദ്ദേശിച്ച നന്മകൾ പുലരണമെങ്കിൽ ഈ കലണ്ടറിനെ കൂടുതൽ പ്രായോഗികമായ രീതിയിൽ വികസിപ്പിച്ച് ജനകീയമാക്കേണ്ടതുണ്ട്. ശാസ്ത്രത്തിന്റെയും വിവര സാങ്കേതികവിദ്യയുടെയും സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഇത് പരിഷ്കരിച്ചാൽ, മുസ്‌ലിം സമൂഹത്തിന്റെ ഉദ്ഗ്രഥനത്തിന് ഏറെ സഹായകമാവും. വിശ്വമതമായ ഇസ്‌ലാമിന്റെ അനുയായികൾ വിശ്വസമുദായമാണ്. ഒരൊറ്റ ആദർശ സമൂഹമാണ്. വിശ്വപൗരന്മാരെയാണ് ഇസ്‌ലാം വാർത്തെടുക്കുന്നത്. എല്ലാം ആഗോളവത്കരിക്കപ്പെടുന്ന ഇക്കാലത്ത് ലോകാടിസ്ഥാനത്തിൽ ഏകീകരിക്കുന്ന, ആദർശ സൗന്ദര്യം പ്രസരിപ്പിക്കുന്ന ഒന്നായി ഹിജ്റ കലണ്ടർ വികസിക്കേണ്ടതുണ്ട്.**

യതായി ശ്രദ്ധയിൽ പെട്ടു. ഇത് ആശയക്കുഴപ്പങ്ങൾക്ക് വഴിവെച്ചു. ഇക്കാര്യത്തിൽ ആദർശാടിസ്ഥാനത്തിലുള്ള ഏകീകരണവും ഉദ്ഗ്രഥനവും ഇല്ലെങ്കിൽ ഭാവിയിൽ വിഘടനത്തിനും വിനാശത്തിനും അത് കാരണമായേക്കുമെന്ന് ഉമർ(റ) കണ്ടു. അങ്ങനെയാണ് രാഷ്ട്രത്തിന് സ്വന്തമായ ഒരു കാലഗണനക്രമം (കലണ്ടർ) വേണമെന്ന് നിശ്ചയിച്ചത്. തൽസംബന്ധമായ ആലോചനായോഗം നടന്നപ്പോൾ കാലഗണന എവിടന്നാരംഭിക്കണമെന്ന ചർച്ച വന്നു. ചിലർ നബി(സ)യുടെ ജനനത്തെയും വേറെ ചിലർ നബി(സ)യുടെ വിയോഗത്തെയും തുടക്കമാക്കാമെന്ന് നിർദേശിച്ചു. ഉമറി(റ)ന് ഈ നിർദേശങ്ങൾ സ്വീകാര്യമായില്ല. ഇസ്‌ലാം തീരെ അംഗീകരിക്കാത്ത വ്യക്തിപൂജ, വീരാരാധന തുടങ്ങിയ ദുഷ്പ്രവണതകൾക്ക് ഇത് വഴിവെക്കുമെന്നതായിരുന്നു ഉമറിന്റെ ആശങ്ക. നബി(സ) ഏറെ വെറുത്തതും ജാഗ്രത പുലർത്തിയതുമായ സംഗതിയാണിത്. നബി(സ) പറഞ്ഞു: "ക്രൈസ്തവർ മർയമിന്റെ പുത്രൻ ഈസായെ വാഴ്ത്തിയതുപോലെ നിങ്ങളെന്നെ വാഴ്ത്തരുത്. മുഹമ്മദ് (മറ്റാരെയും പോലെ) ദൈവദാസനും ദൈവദൂതനുമാണെന്ന് പറയുക".

സർവപ്രധാനമായ സത്യസാക്ഷ്യ (ശഹാദത്ത്) വചനത്തിലെ രണ്ടാം ഖണ്ഡം 'മുഹമ്മദ് അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു' എന്നാണ്. ഇവിടെ നബി(സ) മറ്റേതു സൃഷ്ടിയെയും പോലെ അല്ലാഹുവിന്റെ അടിമ (അബ്ദ്) ആണെന്ന കാര്യം ആദ്യം പറഞ്ഞിട്ടാണ് മൗലികമായ പ്രവാചകത്വത്തെ അംഗീകരിക്കുന്നത്. ഈ വസ്തുകതകൾ നന്നായി ഗ്രഹിച്ച ഉമർ(റ) ഇസ്‌ലാമിന്റെ തനിമയും പ്രവാചകാധ്യാപനത്തിന്റെ സത്തയും കാത്തു സൂക്ഷിക്കാൻ ജാഗ്രത പുലർത്തി. ഒടുവിൽ നബിയുടെ പിതൃവ്യപുത്രനും, പുത്രീ ഭർത്താവും, നാലാം ഖലീഫയുമായ അലി(റ) ഹിജ്റയെ അടയാളമാക്കാമെന്ന നിർദേശം മുന്നോട്ടുവെച്ചു. അത് അംഗീകരിക്കപ്പെട്ടു. അങ്ങനെയാണ് ഹിജ്റാബ്ദമെന്ന കാലഗണനയുടെ തുടക്കം.

ഹിജ്റ ഒളിച്ചോട്ടമോ പലായനമോ അല്ല. അതൊരു മഹാ ത്യാഗമാണ്. വികാസത്തിനും വ്യാപനത്തിനുമുള്ള പറിച്ചു നടലാണ്. ഹിജ്റ പലപ്പോഴും ആവശ്യമായി വരും. അത് പല വിതാനത്തിലും പല രീതിയിലുമാവാം. ഹിജ്റയുടെ ആവശ്യകതയും പ്രാധാന്യവും ഊന്നിക്കൊണ്ട് ഖുർആൻ ഏറെ ഉദ്ബോധിപ്പിക്കുന്നുണ്ട്. ഹിജ്റയും ജിഹാദും ചേർത്തു പറയുമ്പോഴെല്ലാം ഖുർആൻ ഹിജ്റയെയാണ് മുന്തിച്ചു പറഞ്ഞത് (2:218; 3:195; 8:72,74,75; 9:20; 16:110; 22:58). മഹാനായ ഇബ്റാഹീം നബി, മൂസാ നബി തുടങ്ങി പല പ്രവാചകന്മാരും ഹിജ്റ പോയവരാണ്. മദീനയിലേക്കുള്ള ഹിജ്റക്കു മുമ്പ് നബിയുടെ അനുചരന്മാർ അബ്സീനിയയിലേക്ക് ഹിജ്റ ചെയ്തിരുന്നു.

കലണ്ടറിന് അടയാളമാക്കിയ മക്കയിൽനിന്ന് യസ്‌രിബിലേക്കുള്ള ഹിജ്റ നടന്നത് ക്രി. 622 സെപ്റ്റംബറിൽ- റബീഉൽ അവ്വൽ 8-ന്- ആണ്. അന്ന് നബിക്ക് 53 വയസ്സായിരുന്നു.

40-ാം വയസ്സിൽ പ്രവാചകത്വം സിദ്ധിച്ച നബി അക്കാലംവരെ നാട്ടുകാർക്കെല്ലാം സുസമ്മതനായിരുന്നു. ബഹുദൈവവിശ്വാസത്തെ നിശിതമായി വിമർശിച്ചും ഏകദൈവവിശ്വാസത്തിലേക്ക് ക്ഷണിച്ചും നബി(സ) നടത്തിയ നിരന്തര പ്രബോധനം നാട്ടുകാർക്കും സ്വന്തക്കാർക്കും അദ്ദേഹത്തോട് ശത്രുതയുണ്ടാവാൻ നിമിത്തമായി. ശത്രുക്കളുടെ എതിർപ്പ് കൂടുന്നതിനിടയിലും നബിക്ക് അനുയായികൾ ഏറിവന്നു. മക്കക്ക് വെളിയിലും വിദൂര പ്രദേശങ്ങളിലും അനുയായി വൃന്ദം രൂപപ്പെട്ടുവരികയായിരുന്നു. പ്രവാചകത്വലബ്ധിയുടെപത്താം വർഷം നബിക്ക് താങ്ങും തണലുമായി നിന്ന പിതൃവ്യൻ അബൂത്വാലിബും അധികം താമസിയാതെ പ്രവാചകന്റെ പ്രിയ പത്നി ഖദീജ(റ)യും മരണമടഞ്ഞു. നബിയെ എല്ലാ നിലക്കും സംരക്ഷിച്ച ഈ രണ്ടു പേരുടെ വിയോഗം മുതലെടുത്ത്, ബഹുദൈവവിശ്വാസികൾ നബിക്കെതിരെയുള്ള ഉപദ്രവങ്ങൾക്കും ഉപരോധത്തിനും ശക്തികൂട്ടി. ഒടുവിലത് നബിയെ വകവരുത്തി, ഇസ്‌ലാമിനെ നിഷ്കാസനം ചെയ്യുക എന്നിടത്തോളമെത്തി.

ഇതിനിടയിൽ നബി(സ) യസ്‌രിബിൽനിന്ന് (മദീന) വന്ന ഔസ് -ഖസ്റജ് ഗോത്രങ്ങളിൽ പെട്ടവരുമായി കരാറിലേർപ്പെടുകയും അന്നാട്ടുകാർക്ക് ഇസ്‌ലാം മനസ്സിലാക്കിക്കൊടുക്കാനായി മുസ്അബുബ്നു ഉമൈറി(റ)നെ നിയോഗിച്ചയക്കുകയും ചെയ്തിരുന്നു. മുസ്അബി(റ)ന്റെ പ്രബോധനഫലമായി യസ്‌രിബിൽ ധാരാളം പേർ ഇസ്‌ലാം സ്വീകരിച്ചു.

ഇസ്‌ലാമിന് മദീനയിൽ ഒരു കേന്ദ്രം രൂപപ്പെടുകയും അനുയായികൾ ക്രമേണ വർധിച്ചുകൊണ്ടിരിക്കുകയും ചെയ്തപ്പോൾ വിറളി പൂണ്ട മക്കയിലെ ബഹുദൈവവിശ്വാസികളുടെ നേതാക്കൾ 'ദാറുന്നദ്‌വ'യിൽ യോഗം ചേർന്ന്, നബിയുടെ പ്രവർത്തനം അവസാനിപ്പിക്കാനെന്തുണ്ട് വഴി എന്ന് ഗാഢമായി ചിന്തിച്ചു. ഒടുവിൽ മക്കയിലെ എല്ലാ ഗോത്രങ്ങളിൽനിന്നുമുള്ള ശക്തരും സായുധരുമായ ഒരു സംഘം യുവാക്കൾ ചേർന്ന് നബിയെ വധിക്കാൻ രഹസ്യ തീരുമാനമെടുത്തു. ഈ ഗൂഢനീക്കത്തെപ്പറ്റി അല്ലാഹു നബിക്ക് വിവരം നൽകുകയും മദീന(യസ്‌രിബ്)യിലേക്ക് ഹിജ്റ ചെയ്യാൻ അനുവാദം നൽകുകയും ചെയ്തു. ഈ ഹിജ്റ നടന്നത് അതീവ രഹസ്യമായും തികഞ്ഞ ആസൂത്രണത്തോടെയുമായിരുന്നു. തന്റെ ആത്മസുഹൃത്ത് അബൂബക്റി(റ)ന്റെ കൂടെ യാത്ര തിരിക്കുമ്പോൾ നടത്തിയ മുന്നൊരുക്കങ്ങളും ക്രമീകരണവും തന്ത്രങ്ങളുമെല്ലാം, ചിന്താശൂന്യമായി എടുത്തുചാടരുതെന്നും ആസൂത്രിതമായും ഫലപ്രദമായും പ്രവർത്തിക്കണമെന്നുമുള്ള സന്ദേശം നൽകുന്നുണ്ട്. നബി(സ)യും സഹാക്കളും നടത്തിയ ഹിജ്റയുടെ ഗുണപാഠങ്ങൾ നമുക്ക് സദാ വെളിച്ചമാകേണ്ടതുമാണ്. അല്ലാഹുവിന്റെ നിർദേശമനുസരിച്ച് നബി ഹിജ്റ നടത്തിയത് സമുദായത്തിന് മാതൃക നൽകാൻ തന്നെയാണ്. "തീർച്ചയായും നിങ്ങൾക്ക് ദൈവദൂതനിൽ മഹത്തായ മാതൃകയുണ്ട്" (വിശുദ്ധ ഖുർആൻ). പ്രവാചകൻ(സ) ശത്രുക്കളെ കബളിപ്പിച്ച് തന്റെ ശയ്യയിൽ പിതൃവ്യപുത്രൻ അലി(റ)യെ കിടത്തി രാത്രി വീട് വിട്ടിറങ്ങുകയായിരുന്നു. തദവസരം ശത്രുക്കൾ സായുധരായി വീട് വളഞ്ഞിരുന്നു. "... അവരിൽ അധികപേരുടെ കാര്യത്തിലും (ശിക്ഷയെ സംബന്ധിച്ച) വചനം സത്യമായി പുലർന്നിരിക്കുന്നു. അതിനാലവർ ഈമാൻ (സത്യവിശ്വാസം) ഉൾക്കൊള്ളുകയില്ല. അവരുടെ പിരടികളിൽ നാം ചങ്ങലകൾ വെച്ചിരിക്കുന്നു. അവ അവരുടെ താടിയെല്ലുകൾ വരെയുണ്ട്. തന്മൂലം അവർ (തങ്ങൾക്ക് ചുറ്റുമുള്ള ദൃഷ്ടാന്തങ്ങളിലേക്ക് തിരിഞ്ഞുനോക്കാനാവാത്തവിധം) ശിരസ്സ് കുത്തനെ പിടിച്ചവരാകുന്നു. അവരുടെ മുമ്പിൽ ഒരു മറയും പിന്നിൽ ഒരു മറയും നാം വെച്ചിരിക്കുന്നു. അങ്ങനെ നാമവരെ മൂടിക്കളഞ്ഞു. അതിനാൽ അവർക്ക് കാണാൻ കഴിയില്ല..." (*യാസീൻ* 7-9). ഈ ഖുർആൻ സൂക്തം അവിടെ അക്ഷരാർഥത്തിൽ പുലരുകയായിരുന്നു. അല്ലാഹു നബിക്ക് നൽകിയ സംരക്ഷണത്തെപ്പറ്റി ഖുർആൻ പറയുന്നത് കാണുക: "സത്യനിഷേധികൾ നിന്നെ ബന്ദിയാക്കാനോ വധിക്കാനോ അല്ലെങ്കിൽ നാട്ടിൽനിന്നും

പുറത്താക്കാനോ വേണ്ടി ഗൂഢമായി കുതന്ത്രം പ്രയോഗിച്ച സന്ദർഭം! അവർ തന്ത്രം മെനയുന്നു. അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു. എന്നാൽ അല്ലാഹുവത്രെ ഏറ്റവും നന്നായി തന്ത്രം പ്രയോഗിക്കുന്നവൻ" (8:30).

നബി(സ) അടുത്ത സുഹൃത്തും അനുയായിയുമായ അബൂബക്റി(റ)ന്റെ ഭവനത്തിലെത്തി. വീട്ടിൽ നിന്നിറങ്ങിയ രണ്ടു പേരും മൂന്നു ദിനം സൗർ ഗുഹയിൽ തങ്ങി. തദവസരത്തിൽ നബി(സ)യുടെ ധൈര്യവും മനക്കരുത്തും അസാധാരണമായിരുന്നു. അബൂബക്ർ(റ) ആകട്ടെ നബിയുടെ കാര്യത്തിൽ വളരെ ജാഗരൂകനും. പകൽ വേളയിൽ മക്കയിലുള്ള ചലനങ്ങളറിയാനും കുടിക്കാനുള്ള പാൽ എത്തിക്കാനും സംവിധാനമുണ്ടാക്കിയിരുന്നു.കാലടിപ്പാടുകൾ തിരിച്ചറിയാതിരിക്കാനും ജാഗ്രത പുലർത്തി.

നേരം പുലർന്നപ്പോൾ തങ്ങൾ കബളിപ്പിക്കപ്പെട്ടതിൽ അരിശം പൂണ്ട ശത്രുക്കൾ നബിയെ ജീവനോടെയോ അല്ലാതെയോ പിടികൂടന്നവർക്ക് മുന്തിയ ഇനം നൂറു ഒട്ടകങ്ങൾ നൽകുമെന്ന് ഇനാം പ്രഖ്യാപിച്ചിരുന്നു. ഇതിൽ ആർത്തി പൂണ്ട് പലരും പല വഴിക്ക് പാഞ്ഞു. ചിലർ സൗർ ഗുഹയുടെ പരിസരത്തുമെത്തി. തദവസരത്തിൽ പരിഭ്രമം പൂണ്ട അബൂബക്റിനെ നബി(സ) സമാശ്വസിപ്പിച്ചതും അല്ലാഹു അത്ഭുതകരമാംവിധം സഹായിച്ചതുമെല്ലാം സൂചിപ്പിച്ചുകൊണ്ട് ഖുർആൻ പറയുന്നു: "... നിങ്ങൾ അദ്ദേഹത്തെ സഹായിച്ചില്ലെങ്കിൽ പോകട്ടെ! കാഫിറുകൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടിൽ രണ്ടാമൻ ആയി ഇരുപേരും ആ ഗുഹയിൽ ആയിരുന്നപ്പോൾ തീർച്ചയായും അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, 'ദുഃഖിക്കേണ്ട തീർച്ചയായും അല്ലാഹു നമ്മോടൊപ്പമുണ്ട്' എന്നു പറഞ്ഞ സന്ദർഭം. തദവസരം അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിനിറക്കിക്കൊടുക്കുകയും നിങ്ങൾക്കദൃശ്യമായ സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലമേകുകയും ചെയ്തു. സത്യനിഷേധികളുടെ വാക്യത്തെ അവൻ താഴ്ത്തി. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്നത്. അല്ലാഹു പ്രതാപവാനും യുക്തിമാനുമത്രെ" (9:40).

മൂന്നു രാത്രി നബി(സ)യും അബൂബക്റും ഗുഹയിൽ തങ്ങി. നാലം ദിനം യാത്ര തുടർന്നു. വഴികാട്ടിയായി കൂടെ ഉണ്ടായിരുന്നത് വിശ്വസ്തനായ ഒരു അമുസ്‌ലിം സഹോദരനായിരുന്നു (അബ്ദുല്ല ബിനു ഉറൈക്കിള്). മുമ്പ് അമുസ്‌ലിമായ പിതൃവ്യന്റെ പിന്തുണ സ്വീകരിച്ച നബി അതീവ രഹസ്യവും സുപ്രധാനവുമായ ഈ യാത്രയിൽ ഒരമുസ്‌ലിം സോദരനെ സഹായിയായി സ്വീകരിച്ചതിൽ ഒരു സന്ദേശമുണ്ട്. ഇസ്‌ലാമിന്റെ വ്യാപനത്തിൽ നല്ലവരായ അമുസ്‌ലിം സഹോദരന്മാരുടെ സേവനവും സഹകരണവും ഉപയോഗപ്പെടുത്താമെന്നതാണത്. നബി(സ) അവരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ശത്രുക്കളുടെ ഉപദ്രവം കാരണമായി എല്ലാം ഉപേക്ഷിച്ച് നാടുവിട്ടു പോകുമ്പോൾ പോലും, നബിയുടെ പക്കൽ ബഹുദൈവവിശ്വാസികളായ നാട്ടുകാർ ഏൽപിച്ച സൂക്ഷിപ്പു മുതലുകൾ ഉണ്ടായിരുന്നു. അവ കൃത്യമായി തിരിച്ചേൽപിക്കാൻ അലി(റ)യെ ചുമതലപ്പെടുത്തിയാണ് നബി(സ) മദീനയിലേക്ക് പോകുന്നത്.

റബീഉൽ അവ്വൽ 8-ന് തിങ്കളാഴ്ച (ക്രി. 622 സെപ്റ്റംബർ 23) നബി(സ) മദീനക്കടുത്ത് ഖുബായിൽ എത്തി. ഇവിടെയാണ് ഇസ്‌ലാമിലെ പ്രഥമ പള്ളി നിർമിക്കപ്പെട്ടത്. നാലു ദിനം അവിടെ തങ്ങിയ നബി(സ) വെള്ളിയാഴ്ച മദീനയിലേക്കു നീങ്ങി. വഴിമധ്യേ ബനുസാലിം ഇബ്നു ഔഫിന്റെ സ്ഥലത്ത് നബി(സ) ഇറങ്ങുകയും അവിടെ വെച്ച് ആദ്യത്തെ ജുമുഅ നടത്തുകയും ചെയ്തു. പിന്നീട യാത്ര തുടർന്ന നബി(സ) ദൈവേഛയാൽ ഒട്ടകം സ്വയം മുട്ടുകുത്തിയ സ്ഥലത്ത് ഇറങ്ങി. അവിടെ നബിക്ക് ആതിഥ്യമേകാൻ ഭാഗ്യം സിദ്ധിച്ചത് അബൂ അയ്യൂബിൽ അൻസ്വാരിക്കായിരുന്നു. അവിടെയാണ് പിന്നീട് മസ്ജിദുന്നബവി പണിതത്.

തികച്ചും നിസ്വരായ ഒരു സമൂഹം ഒരു അന്യപ്രദേശത്തേക്ക് കുടിയേറുമ്പോൾ അതുണ്ടാക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഇന്നും ലോകത്തിന്റെ പല ഭാഗത്തുമുള്ള വംശീയ പ്രശ്നങ്ങൾ മിക്കതും തദ്ദേശീയരും കുടിയേറ്റക്കാരും തമ്മിലുള്ളതാണ്. നൂറ്റാണ്ടുകൾ നീങ്ങിയാലും പരിഹരിക്കപ്പെടാതെ നിൽക്കുന്ന ഈ പ്രശ്നം ദിവസങ്ങൾക്കകം പൂർണമായും പരിഹൃതമായ അത്ഭുത ദൃശ്യമാണ് പതിനാലു ശതകങ്ങൾക്കു മുമ്പ് നാം മദീനയിൽ കണ്ടത്. പിന്നീടത് ഒരിക്കലും പ്രശ്നമായതേയില്ല. നബിയുടെ നേതൃത്വത്തിന്റെയും ശിക്ഷണത്തിന്റെയും അനിതരസാധാരണമായ അത്ഭുതഫലങ്ങളിലൊന്നാണിത്. മക്കയിൽനിന്നു വന്ന മുഹാജിറുകൾ(അഭയാർഥികൾ)ക്ക് മദീനക്കാർ സഹായികൾ (അൻസ്വാർ) ആയി മാറി. അൻസ്വാറുകൾ തങ്ങളുടെ കൃഷി, കച്ചവടം തുടങ്ങി സകല സംഗതികളിലും മുഹാജിറുകൾക്ക് തുല്യ പങ്കാളിത്തം നൽകി. 'ഹിജ്റ'യോടൊപ്പം ത്യാഗവും അർപ്പണ മനസ്സും ചേരുമ്പോൾ ഇനിയും അത്ഭുതങ്ങൾ പുലരുമെന്നു തന്നെയാണ് ഹിജ്റാബ്ദത്തിലെ നവവത്സരപ്പുലരിയിൽ നാം തിരിച്ചറിയേണ്ടത്.

ഹിജ്റയെ കാലഗണനത്തിന്റെ തുടക്കമായി ഉമർ(റ) നിശ്ചയിച്ചപ്പോൾ ഉദ്ദേശിച്ച നന്മകൾ പുലരണമെങ്കിൽ ഈ കലണ്ടറിനെ കൂടുതൽ പ്രായോഗികമായ രീതിയിൽ വികസിപ്പിച്ച് ജനകീയമാക്കേണ്ടതുണ്ട്. ശാസ്ത്രത്തിന്റെയും വിവര സാങ്കേതിക വിദ്യയുടെയും സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഇത് പരിഷ്കരിച്ചാൽ, മുസ്‌ലിം സമൂഹത്തിന്റെ ഉദ്ഗ്രഥനത്തിന് ഏറെ സഹായകമാവും. വിശ്വമതമായ ഇസ്‌ലാമിന്റെ അനുയായികൾ വിശ്വസമുദായമാണ്. ഒരൊറ്റ ആദർശ സമൂഹമാണ്. വിശ്വപൗരന്മാരെയാണ് ഇസ്‌ലാം വാർത്തെടുക്കുന്നത്. വിശ്വാസി സമൂഹത്തെ ലോകാടിസ്ഥാനത്തിൽ ഏകീകരിക്കുന്ന, ആദർശ സൗന്ദര്യം പ്രസരിപ്പിക്കുന്ന ഒന്നായി ഹിജ്റ കലണ്ടർ വികസിക്കേണ്ടതുണ്ട്. ■